പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.198

12.01.2021-ൽ മറുപടിക്ക്

## പി.എസ്.സി നിയമന ചട്ടം

ചോദ്യം

ശ്രീ. സി.മമ്മൂട്ടി

ഉത്തരം

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | നിയമനം പി.എസ്.സി ക്ക് വിട്ടിട്ടും വിശേഷാൽ ചട്ടം ഉണ്ടാക്കാത്തതിനാൽ നിയമനനടപടികൾ വൈകിക്കുന്ന സാഹചര്യം ഇടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ടുവന്നിട്ടും അന്തിമ ചട്ടങ്ങളുടെ രൂപീകരണം പൂർത്തിയാകാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 20 വർഷത്തിലേറെയായി വിശേഷാൽ ചട്ടം ഉണ്ടാക്കാത്ത സ്ഥാപനങ്ങളിൽ എത്രയും വേഗം ചട്ടം ഉണ്ടാക്കി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | നിയമനം പി.എസ്.സിക്ക് വിട്ട സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ പി.എസ്.സിക്കു വിട്ട സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ട രൂപീകരണം ത്വരിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് എന്നീ വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, നിയമവകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന " ടാസ്ക് ഫോഴ്സ് " രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക |
|---|
| 1. കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് ലിമിറ്റഡ്. |
| 2. കേരള ട്രാൻസ്പോർട്ട് ഡവലപ് മെന്റ് ഫിനാൻസ് കോർപ്പറേഷൻ |
| 3. കേരള സ്റ്റേറ്റ് വിമെൺ ഡവലപ് മെന്റ് കോർപ്പറേഷൻ |
| 4. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ |
| 5. കേരള എക്സ് സർവീസ്മെൻ ഡവലപ് മെന്റ് കോർപ്പറേഷൻ |
| 6. റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് |
| 7. കേരള സ്റ്റേറ്റ് മാരിടൈം ഡവലപ് മെന്റ് കോർപ്പറേഷൻ |
| 8. സീതാറാം ടെക്സ്റ്റൈൽസ് |
| 9. ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്. |
| 10. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ്. |
| 11. പവർ ആൻഡ് ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ ലിമിറ്റഡ്. |
| 12. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. |
| 13. കേരള ഫീഡ്സ് ലിമിറ്റഡ് |
| 14. കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 15. കേരള സ്റ്റേറ്റ് ഹാൻഡിക്കാപ്പ്ഡ് പെർസൺസ് വെൽഫയർ കോർപ്പറേഷൻ |
| 16. മാർക്കറ്റ് ഫെഡ്. |
| 17. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്. |
| 18. കേരള സ്റ്റേറ്റ് ബാക് വേർഡ് ക്ലാസ് ഡവലപ് മെന്റ് കോർപ്പറേഷൻ |
| 19. കേരള സ്റ്റേറ്റ് പോൾട്രി ഡവലപ് മെന്റ് കോർപ്പറേഷൻ |
| 20. കയർ ഫെഡ്. |
| 21. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആന്റ് റൂറൽ ഡവലപ് മെന്റ് ബാങ്ക്. |
| 22. ട്രാവൻകോർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്. |
| 23. ബേക്കൽ റിസോർട് സ് ഡവലപ് മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. |